(ബി) ചെലവ് ചുരുക്കൽ നിർദ്ദേശങ്ങളടങ്ങുന്ന ഉത്തരവുകൾ ലംഘിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് നേരിടേണ്ടി വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പാലിച്ചതു കൊണ്ട് ഖജനാവിനുണ്ടായ നേട്ടം എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി പോസ്റ്റ് അപ്ഗ്രഡേഷൻ നിയന്ത്രിച്ചുകൊണ്ടും, അധിക വാഹനങ്ങൾ സറണ്ടർ ചെയ്യുവാൻ നിർദ്ദേശിച്ചു കൊണ്ടും കഴിഞ്ഞ രണ്ട് വർഷങ്ങളായി ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്.

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ ഈ ഉത്തരവുകൾ ലംഘിച്ച് ക്രമക്കേടുകളോ, സർക്കാരിന് നഷ്ടം വരുത്തിയതായ കാര്യങ്ങളോ കണ്ടെത്തിയാൽ ഉത്തരവാദികളായവർക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് ബന്ധപ്പെട്ട ഭരണവകുപ്പിനോട് ശുപാർശ ചെയ്യുകയാണ് പതിവ്. റിപ്പോർട്ടിന്മേൽ നടപടികൾ കൈക്കൊള്ളേണ്ടത് ഭരണവകുപ്പുകളാണ്. ഭരണവകുപ്പ് കൈക്കൊള്ളുന്ന നടപടികളുടെ വിവരങ്ങൾ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമയാസമയങ്ങളിൽ അവലോകനം നടത്താറുണ്ട്.

(സി) കണക്കാക്കിയിട്ടില്ല.

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലേലത്തിൽ വിറ്റ നടപടി

11 [3873] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ലാപ്പ് ടോപ്പ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വൻനഷ്ടമുണ്ടാക്കി ലേലത്തിൽ വിറ്റകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ വിശദമായ സ്പെസിഫിക്കേഷൻ, വാങ്ങിയ വില, വാങ്ങിയ രീതി, ആരിൽ നിന്നും വാങ്ങി, ലേല തുക, ഈ ലേലത്തിലൂടെ ഉണ്ടായ നഷ്ടം എന്നിവ വെളിപ്പെടുത്തുമോ;

(സി) ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെയാണോ ലേലം നടന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉപകരണങ്ങൾ അപ്ഗ്രേഡ് ചെയ്യാവുന്നവ ആയിരുന്നോ?

(ഇ) ഇവയിൽ ഏതൊക്കെ ഉപകരണങ്ങൾ വാർഷിക മെയിന്റനൻസ് കരാറിൽ മുൻപും ഇക്കാലയളവിലും ഉൾപ്പെട്ടിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതേ സ്പെസിഫിക്കേഷനുള്ളവ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടോ;

(ജി) ലേലം ചെയ്യാൻ സാങ്കേതിക ഉപദേശം നൽകിയതാര്;

(എച്ച്) ഉപയോഗശൂന്യമെന്ന് പറഞ്ഞ് ലേലം ചെയ്യാനുള്ള സാഹചര്യം എന്ത്; ഇവ വെളിപ്പെടുത്തുമോ;

(ഐ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺവഴി "ബൈബാക്ക്" ചെയ്താൽ ഓരോന്നിനും ലഭിക്കുമായിരുന്ന വില അറിയിക്കാമോ; മുൻകാലത്ത് ബൈബാക്ക് ചെയ്തിരുന്നോ; വിശദാംശം നൽകുമോ;

(ജെ) പ്രസ്തുത ലേലത്തിന് പത്ര പരസ്യം നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ പത്രങ്ങൾ എത്ര പേർ ലേലത്തിൽ പങ്കെടുത്തു; വിശദമാക്കാമോ;

(കെ) ധനകാര്യ വകുപ്പ് നേരിട്ട് വാങ്ങിയതും അല്ലാത്തതുമായി വകുപ്പിൽ ഇതുവരെ ഉപയോഗത്തിലുണ്ടായിരുന്ന എല്ലാ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സോഫ്ട് വെയറുകളുടെയും വാങ്ങിയ വില, വർഷം, വാങ്ങിയ രീതി, എവിടെ നിന്നും വാങ്ങി, ഇതുവരെ ഉണ്ടായിരുന്ന മെയിന്റനൻസ് കരാറുകളുടെ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, കേബിളിംഗ്, ഇലക്ട്രിഫിക്കേഷൻ ചെലവുകൾ ഉൾപ്പെടെ വെളിപ്പെടുത്തുമോ;

(എൽ) പ്രസ്തുത ഉപകരണങ്ങൾക്ക് വേണ്ട കൺസ്യൂമബിൾ സാധനങ്ങൾക്ക് നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് അവ ആരിൽ നിന്നും ഏതുരീതിയിലാണ് വാങ്ങിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(എം) ധനകാര്യ വകുപ്പ് കമ്പ്യൂട്ടർവത്കരണത്തിനായി 2005-06-ലെ ബഡ്ജറ്റിൽ ഏതു ശീർഷകത്തിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ധനകാര്യവകുപ്പ് കമ്പ്യൂട്ടറൈസേഷനെ സംബന്ധിച്ചുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്പെസിഫിക്കേഷനും ലഭ്യമായ മറ്റു വിവരങ്ങളും അനുബന്ധമായി കൊടുത്തിട്ടുണ്ട് †. ഉപകരണങ്ങൾക്ക് പൊതുമരാമത്തു വകുപ്പ് ഫിക്സ് ചെയ്ത അപ്സെറ്റ് വാല്യൂ 26,050 രൂപ ആകുന്നു. ലേലത്തുക 30,750 രൂപയും നികുതികളും ആകുന്നു. ലേലത്തിലൂടെ നഷ്ടം ഉണ്ടായിട്ടില്ല.

(സി) ഇല്ല.

(ഡി) അല്ല.

(ഇ) ഉപയോഗയോഗ്യമല്ലാതായതിനുശേഷം ഒരു ഉപകരണത്തിനും മെയിന്റനൻസ് കരാർ കൊടുത്തിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല

(ജി) ഉപയോഗയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തതുമായ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ലിസ്റ്റ്. ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് പൊതു ലേലംവഴി വിൽക്കാൻ ധന ഡി.പി.സി. വിഭാഗം ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(എച്ച്) റിപ്പയർ ചെയ്യാനാകാത്ത ഉപകരണങ്ങൾ മെയിന്റനൻസ് കോൺട്രാക്ട് ഉണ്ടായാലും 30% സമയം പോലും പ്രവർത്തിക്കാത്ത ഉപകരണങ്ങൾ അത്തരം ഉപകരണങ്ങളുടെ ഉപയോഗംമൂലം ആഫീസ് പ്രവർത്തനത്തിനുണ്ടാകുന്ന തടസ്സങ്ങൾ പുതിയ സോഫ്റ്റ് വെയറുകൾ പ്രവർത്തിപ്പിക്കാനുള്ള കഴിവില്ലായ്മ, പ്രവർത്തന വേഗതയിലെ അപര്യാപ്തത, കമ്പ്യൂട്ടർ സുരക്ഷാ സംവിധാനങ്ങളുടെ അപര്യാപ്തത, എന്നീ കാരണങ്ങളാലാണ് ഉപയോഗയോഗ്യമല്ലാതായത്.

(ഐ) ഇതുവരെയുള്ള അനുഭവത്തിൽ കെൽട്രോണിന് ബൈബാക്ക് ചെയ്യുമ്പോൾ പകരം ലഭിക്കുന്ന പുതിയ ഉപകരണത്തിന്റെ അറ്റവിലയിൽ (നെറ്റ് പ്രൈസ്) ബൈബാക്കിനത്തിൽ സർക്കാരിന് ഒരു പൈസപോലും ലാഭിക്കുന്നില്ല എന്നാണ് കാണുന്നത്.

(ജെ) ഇല്ല. എന്നാൽ ലേല പരസ്യം വിവിധ സ്ഥാപനങ്ങൾക്കും, പൊതുമരാമത്ത് വകുപ്പിനും അയച്ച് കൊടുത്തിട്ടുള്ളതും, ധനകാര്യ വകുപ്പ് ധന ഡി. പി. സി. വിഭാഗം എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പരസ്യമായി പ്രദർശിപ്പിച്ചിട്ടുള്ളതുമാകുന്നു. ലേലത്തിൽ മൂന്നുപേർ പങ്കെടുത്തിരുന്നു.

(കെ) വിവരം ശേഖരിച്ച് വരുന്നു.

(എൽ) പ്രസ്തുത ഉപകരണങ്ങളിൽ കൺസ്യൂമബിൾസ് വേണ്ടി വരുന്നത് മുഖ്യമായും പ്രിന്ററുകൾക്കാണ്. ഓരോ പ്രിന്ററിലും എത്ര കൺസ്യൂമബിൾസ് ഉപയോഗിച്ചിട്ടുണ്ടെന്ന വിവരം സൂക്ഷിക്കാറില്ല. കൺസ്യൂമബിൾസ് എല്ലാം സ്റ്റോർ പർച്ചേസ് നിബന്ധനകൾ പാലിച്ചാണ് വാങ്ങിയിട്ടുള്ളത്.

(എം) 2005-2006-ലെ ബഡ്ജറ്റിൽ ധനകാര്യവകുപ്പിന്റെ നവീകരണത്തിനും ഉദ്യോഗസ്ഥന്മാരുടെ പരിശീലനത്തിനുമായി "2052-00-090-90" എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ സമഗ്രമായ കമ്പ്യൂട്ടറൈസേഷനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കാൻ നടപടി

12 [3874] *ശ്രീ. വി. കെ. സി. മമ്മത്കോയ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾക്കായുള്ള കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ട കാലാവധി 31-12-2005 ആയി നിശ്ചയിച്ചതിനാൽ പ്രസ്തുത റിപ്പോർട്ട് വാങ്ങി നടപ്പിലാക്കാൻ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ കഴിയുമെന്ന് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly